**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2666** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മുൻകാലങ്ങളിൽ വിവിധ പാർപ്പിട പദ്ധതികളിൽ ഉൾപ്പെട്ട് ഭാഗീകമായി പണം കൈപ്പറ്റുകയും എന്നാൽ ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പോവുകയും ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇപ്പോഴും വാസയോഗ്യമായ വീട് ഇല്ലാത്തവരെ ലൈഫ് പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | 1. ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2007-08മുതൽ 2015-16 വരെ വകുപ്പ് മുഖേന അനുവദിച്ചതിൽ പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം അനുവദിച്ച് 3844 സ്പിൽ ഓവർ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന/സ്വന്തമായി ഭവന നിർമ്മാണം നടത്തിയിട്ട് സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത പട്ടികജാതി വിഭാഗക്കാർക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1.5 ലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി 2020-21 വർഷം നടപ്പിലാക്കി. ടി പദ്ധതി പ്രകാരം 9564 പേർക്ക് ധനസഹായം അനുവദിച്ചു. നടപ്പ് വർഷം 5000 പേർക്ക് ഭവനപൂർത്തീകരണ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചു വരുന്നു. 3. പാർപ്പിട നിർമ്മാണത്തിനായി എടുത്തിട്ടുള്ള വായ്പകൾ ഒഴിവാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | മുൻ പദ്ധതികൾ മുഖേന ഇവർ എടുത്ത വായ്പകൾ ഒഴിവാക്കുന്നതിനും ഭവനം പൂർത്തീകരിക്കുന്നതിനും ആവശ്യമായ തുക അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | 1. ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2007-08മുതൽ 2015-16 വരെ വകുപ്പ് മുഖേന അനുവദിച്ചതിൽ പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം അനുവദിച്ച് 3844 സ്പിൽ ഓവർ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന/സ്വന്തമായി ഭവന നിർമ്മാണം നടത്തിയിട്ട് സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത പട്ടികജാതി വിഭാഗക്കാർക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | പരമാവധി 1.5 ലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി 2020-21 വർഷം നടപ്പിലാക്കി. ടി പദ്ധതി പ്രകാരം 9564 പേർക്ക് ധനസഹായം അനുവദിച്ചു. നടപ്പ വർഷം 5000 പേർക്ക് ഭവനപൂർത്തീകരണ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചു വരുന്നു. 3. പാർപ്പിട നിർമ്മാണത്തിനായി എടുത്തിട്ടുള്ള വായ്പകൾ ഒഴിവാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ